T.C.038

014/DM/26

Register Number									

DEPARTMENTAL EXAMINATIONS

TRANSLATION TEST – SECOND PAPER – TRANSLATION OF NEWS PAPER REPORT IN MALAYALAM TO ENGLISH

(Without Books)

Maximum Time : 2.30 hours | Maximum Marks : 100

Answer ALL questions.

(5 × 20 = 100)

1. Translate into English :

ന്യൂ ദൽഹി : ഷഹീൻ ബാഗ് സമരത്തിനു സമീപത്തുള്ള റോഡ് ശനിയാഴ്ച തുറന്നു. സുപ്രീംകോടതി നിയമിച്ച മധ്യസ്ഥസമിതിയുടെ സന്ദർശനത്തിനു ശേഷമായിരുന്നു നടപടി.

എന്തായാലും റോഡ് തുറന്നത് ആരെന്നതിനെ സംബന്ധിച്ച് അഭിപ്രായവ്യത്യാസം നിലനിൽക്കുന്നുണ്ട്. പോലീസ് ആണോ സമരക്കാർ ആണോ എന്ന് ഇനിയും വ്യക്തമായിട്ടില്ല.

പൗരത്വനിയമ ഭേദഗതിക്കെതിരെ രണ്ടു മാസമായി നടക്കുന്ന സമരത്തിൽ പങ്കെടുക്കുന്ന സാമൂഹ്യപ്രവർത്തകൻ ഷഹീൻ കൗസർ പറയുന്നത് മധ്യസ്ഥസമിതിയിലെ അംഗമായ സാധന രാമചന്ദ്രൻ രാവിലെ സംഭവസ്ഥലം സന്ദർശിച്ചുവെന്നാണ്. മുൻവിധികൾ ഇല്ലാതെയും അടിച്ചേൽപ്പിക്കപ്പെട്ട കാഴ്ചപ്പാടുകൾ ഇല്ലാതെയുമാണ് അവർ ഞങ്ങളെ കേട്ടത്. ഞങ്ങളുടെ മുഴുവൻ ആശങ്കകളും കോടതിയിൽ അവതരിപ്പിക്കുന്നുമെന്നും അവർ പറഞ്ഞു.

2. Translate into English :

ചെന്നൈ : 16,218 ചതുരശ്രയടി വിസ്തീർണ്ണമുള്ളതും ബംഗാൾ ഉൾക്കടലിനോട് ചേർന്നു നിൽക്കുന്നതുമായ കൂറ്റൻ ബംഗ്ലാവ് പൊളിച്ചുമാറ്റാൻ മദ്രാസ് ഹൈക്കോടതി നിർദേശം നൽകി. കടലിൽ നിന്നുള്ള തിരകളെ തടയുന്നതിനാൽ കെട്ടിടത്തിന്റെ ഉടമതന്നെ പൊളിക്കണം എന്നാണ് കോടതിയുടെ ഉത്തരവ്. ജനുവരി 20 നാണ് ഉത്തരവ് നൽകിയത്.

ഈസ്റ്റ് - കോസ്റ്റ് റോഡിൽ മുട്ടുകാട് താലൂക്കിലെ ഒലിവ് ദ്വീപിലുള്ള ഈ ബംഗ്ലാവ് രാജ്യശ്രീ ഓട്ടോമൊബൈൽ ഇൻഡസ്ട്രിയുടെ അതിഥിമന്ദിരമായി ഉപയോഗിക്കുകയായിരുന്നു. തീരദേശ പരിപാലന നിയമപ്രകാരം മൂന്നാം സോണിൽ സ്ഥിതിചെയ്യുന്ന ഈ ബംഗ്ലാവ് ബുൾഡോസർ ഉപയോഗിച്ച് കുറച്ചുഭാഗം തകർത്തിരുന്നു.

[Turn over

3. Translate into English :

കോഴിക്കോട് : തമിഴ്നാട്ടിലെ തിരുപ്പൂർ ജില്ലയിലെ അവിനാശിയിൽ പത്തൊൻപത് പേരുടെ മരണത്തിനു കാരണമായ അപകടം കണ്ടെയ്നർ ലോറിയുടെ ഡ്രൈവറുടെ അശ്രദ്ധ കൊണ്ടാണെന്ന് ഗതാഗതവകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ പറഞ്ഞു. ചൊവ്വാഴ്ച നടന്ന അപകടം ഏതെങ്കിലും യന്ത്രത്തകരാർ മൂലമല്ലെന്നും മന്ത്രി പറഞ്ഞു.

ലോറിയുടെ ടയർ തകരാറിലായതിനെ തുടർന്നാണ് കെ.എസ്.ആർ.ടി.സി. ഗരുഡ വോൾവോ ബസ്സ് അപകടത്തിൽപ്പെട്ടതെന്ന പ്രചരണം തെറ്റാണ്. കോയമ്പത്തൂർ-സേലം ഹൈവേയിൽ വെച്ചായിരുന്നു അപകടം.

പാലക്കാട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അപകടസ്ഥലം സന്ദർശിച്ചു വിശദമായ റിപ്പോർട്ട് സംസ്ഥാന ഗതാഗത കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്. ഡ്രൈവർക്ക് ലോറിയിന്മേലുള്ള നിയന്ത്രണം നഷ്ടപ്പെട്ടതാണ് അപകടത്തിനു കാരണമെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. ട്രക്ക് മീഡിയനിൽ ഇടിച്ചു മറുവശത്തേക്ക് പാഞ്ഞു കയറിയാണ് ബസ്സിൽ ഇടിച്ചത്.

4. Translate into English :

ന്യൂഡൽഹി : ആധാറുമായി ബന്ധിപ്പിച്ച് പണം വിതരണം ചെയ്യുന്ന കേന്ദ്ര പദ്ധതികളിൽ മുന്നിൽ ഒരു ഭാഗവും തെറ്റായ അക്കൊണ്ടിലേയ്ക്ക് ആണ് തുക കൈമാറ്റം ചെയ്യപ്പെടുന്നത് എന്ന് റിപ്പോർട്ട്. കേന്ദ്രസർക്കാരിന്റെ വിവാഹിത കൾക്കുള്ള പദ്ധതി, പ്രധാനമന്ത്രി മാതൃവന്ദന യോജന എന്നിവയെ അടിസ്ഥാനമാക്കി പോഷൻ അഭിയാൻ പുറത്തിറക്കിയ പുരോഗതി രേഖയിലാണ് ഇക്കാര്യം പരാമർശിക്കുന്നത്. നീതി ആയോഗാണ് ശനിയാഴ്ച റിപ്പോർട്ട് പുറത്തിറക്കിയത്.

പദ്ധതിയുടെ ഗുണഭോക്താക്കൾ കൊടുത്ത ബാങ്ക് അക്കൗണ്ടിനു പുറത്തുള്ള വയിലേയ്ക്കാണ് പണം മാറിയിരിക്കുന്നത്. ഇത് ഏകദേശം ഇരുപത്തിയെട്ട് ശതമാന ത്തോളം വരും. ചില നേരങ്ങളിൽ ഗുണഭോക്താക്കൾക്ക് പണവിനിമയം സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നില്ലായെന്നും പറയുന്നു. ഇത് അത്യാവശ്യമായി പരിഹരിക്ക പ്പെടേണ്ട പ്രശ്നം ആണെന്നും റിപ്പോർട്ട് പറയുന്നു. 2019 മാർച്ച് 19 വരെയുള്ള കണക്കുകൾ പ്രകാരം 66% തുകയാണ് നേരിട്ട് ഗുണഭോക്താക്കളിൽ എത്തിയെന്നതും റിപ്പോർട്ട് പറയുന്നു.

5. Translate into English :

ന്യൂഡൽഹി : ഇന്ത്യയിലെ നാല് ബാങ്കുകൾ കൃത്യമായ തെറ്റുതിരുത്തൽ പ്രക്രിയകൾക്ക് വിധേയമാകുകയാണെന്നു റിസർവ് ബാങ്ക് ഗവർണ്ണർ ശക്തികാന്ത ദാസ് പറഞ്ഞു. ഈയൊരു നടപടി ബാങ്കുകളെ കൂടുതൽ നിയന്ത്രണത്തിലാക്കാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ ഓവർസീസ് ബാങ്ക്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, യുണൈറ്റഡ് ബാങ്ക് എന്നീ ബാങ്കുകൾക്ക് മേലാണ് ഇപ്പോൾ നിയന്ത്രണം ഉള്ളത്. പണം വായ്പ നൽകുന്നതിലും മാനേജ്മെന്റിന്റെ നഷ്ടപരിഹാരചിലവിലും പ്രത്യക്ഷമായി ചുമത്തുന്ന ഫീസിലും ഒക്കെയാണ് ഈ നിയന്ത്രണം.

ബാങ്കുകളുടെ മുഴുവൻ പ്രകടനവും മെച്ചപ്പെടുത്തുകയാണ് നിയന്ത്രണത്തിലൂടെ തങ്ങൾ ലക്ഷ്യം വെക്കുന്നതെന്നു ഗവർണ്ണർ പറഞ്ഞു. ഞങ്ങൾ കൂടുതൽ ബാങ്കുകളുമായി സഹകരിക്കാനും ബാങ്കുകൾക്ക് മികച്ച പ്രകടനം നടത്താൻ അവസരം ഒരുക്കുകയാണെന്നും ശശികാന്ത് ദാസ് പറഞ്ഞു. പി.ടി.ഐ.ക്ക് നൽകിയ അഭിമുഖത്തിലാണ് ഇക്കാര്യം പറഞ്ഞത്.
